പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7319 | 16.07.2012-ൽ മറുപടിയ്ക്ക് |

## മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പണികൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്: | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പണികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കൊച്ചാലുംമൂട് - പന്തളം റോഡ് പത്ത് കോടി രൂപ ചെലവിൽ ബി.എം & ബി.സി നിലവാരത്തിൽ പുതുക്കി പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഗ്രാമീണ റോഡ് പി.ഡബ്ല്യൂ.ഡി റോഡാക്കി മാറ്റുന്നതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് ; | (ബി) പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന റോഡുകളെ സംബന്ധിച്ച് പഞ്ചായത്ത് റസല്യൂഷൻ പാസ്സാക്കി ഗവൺമെന്റിനെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുക്കുകയും തുടർന്ന് ഏറ്റെടുത്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യാറുണ്ട്. |
| (സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിലെ പാലമൂട് - ഇടക്കുന്നം റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;<br><br>(ഡി) പ്രസ്തുത മണ്ഡലത്തിലെ ചത്തിയറ - പള്ളം റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (സി) & (ഡി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ